"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊളത്തൂർ എ.എൽ.പി സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തീർപ്പാക്കിക്കൊണ്ടും ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്തു **WP(C)31001/2024** ലെ വിധിന്യായം പാലിച്ചുകൊണ്ടും പുറപ്പെടുവിച്ച ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**3627/2025/GEDN**　　തീയതി,തിരുവനന്തപുരം, **02-06-2025**

---

പരാമർശം:-

1. സ.ഉ (സാധാ) നം **3258/2025**/പൊ.വി.വ തീയതി **12/05/2025**
2. ശ്രീമതി ബൽക്കീസ് വി സമർപ്പിച്ച **20/05/2025** ലെ പുനഃപരിശോധനാ ഹർജി

**<u>ഉത്തരവ്</u>**

മലപ്പുറം, മങ്കട സബ് ജില്ലയിലെ കൊളത്തൂർ എ.എൽ.പി സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ബൽക്കീസ് വി. യെ **14/08/2024** മുതൽ സസ്പെന്റ് ചെയ്തതിന് അംഗീകാരം നിഷേധിച്ച മങ്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യങ്ങൾ നിരസിച്ചുകൊണ്ടും *സമൂഹത്തിനു മുൻപിൽ സ്കൂളിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്ന രീതിയിൽ പ്രവർത്തിച്ച കുറ്റത്തിന് മാനേജർക്ക് ടിയാളെ സേവനത്തിൽനിന്നും മാറ്റി നിർത്തുകയോ അച്ചടക്ക നടപടി സ്വീകരിക്കുകയോ ചെയ്യാവുന്നതാണെന്ന്* നിർ ദ്ദേശിച്ചുകൊണ്ടും കൊളത്തൂർ എ.എൽ.പി സ്കൂൾ മാനേജർ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C) 31001/2024** ലെ വിധിന്യായം പാലിച്ചുകൊണ്ടും പരാമർശം **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2.** മേൽ ഉത്തരവിലെ നിർദ്ദേശത്തെത്തുടർന്ന് കൊളത്തൂർ എ.എൽ.പി സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ബൽക്കീസ് വി. യെ മാനേജർ **19/05/2025** മുതൽ വീണ്ടും സസ്പെൻഡ് ചെയ്തതായും സർവ്വീസിൽ നിന്നും വിരമിക്കുവാൻ

കേവലം ഔരു വർഷം കാലമുള്ള തനിക്ക് ഈ നടപടി കടുത്ത മാനസിക സംഘർഷം ഉണഅടാക്കുന്നതായും പരാമർശം (2) പ്രകാരം സമർപ്പിച്ച പുന:പരിശോധനാ ഹർജിയിൽ ശ്രീമതി ബൽക്കീസ് വി അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിൽ പരാമർശിച്ചത് ശ്രീമതി ബൽക്കീസിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിലോ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിലോ പ്രതിപാദിക്കാത്ത ആരോപണങ്ങളാണ് എന്നതിനാലും അതിന്റെ അടിസ്ഥാനത്തിൽ ടിയാളെ വീണ്ടും സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്ത സാഹചര്യത്തിലും പരാമർശം (1) ഉത്തരവിൽ നിന്നും *സമൂഹത്തിനു മുൻപിൽ സ്കൂളിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്ന രീതിയിൽ പ്രവർത്തിച്ച കുറ്റത്തിന് മാനേജർക്ക് ടിയാളെ സേവനത്തിൽനിന്നും മാറ്റി നിർത്തുകയോ അച്ചടക്ക നടപടി സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്* എന്ന വാക്യം ഒഴിവാക്കി പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (1) ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹേമലത സി കെ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം
ഉപജില്ലാ ഓഫീസർ, മങ്കട
മാനേജർ, എ.എൽ.പി സ്കൂൾ, കൊളത്തൂർ, മലപ്പുറം
ശ്രീമതി ബൽക്കീസ് വി, പ്രധാനാധ്യാപിക (സസ്പെൻഷനിൽ), എ.എൽ.പി സ്കൂൾ, കൊളത്തൂർ, മലപ്പുറം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
അക്കൌണ്ടന്റ് ജനറൽ ഓഡിറ്റ് (എ & ഇ) തിരുവനന്തപുരം
വെബ് കൈറ്റ്സ് /ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 03-06-2025 17:19:45
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു: പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്